(Statement referred to in part (b) of the question)

കമ്പനികൾക്ക് ധനസഹായം ചെയ്തതിന്റെ സ്റ്റേറ്റുമെന്റ്

	കമ്പനിയുടെ പേര്	വായ്പ തുക രൂ.	റിമാർക്സ്
1	ഫെട്ടിലൈസേഴ്സ് ആൻഡ് കെമിക്കൽസ്	1 0,00,000	കാസ്റ്റിക്സോഡാപ്ലാന്റിനുവേണ്ടി; 6½% പലിശ
2	അഴകപ്പാ ടെക്സ്റ്റൈൽസ്	1 0,00,000	6% പലിശ
3	കൊച്ചിൻ മാലിയബിൾസ്	6 0,000	6% പലിശ
4	ട്രാവൻകൂർ റയോൺസ് കമ്പനി ലിമിറ്റഡ്	3 0,00,000	4% പലിശ

സംസ്ഥാനത്തെ കുടിൽവ്യവസായം

*1193. (61) ശ്രീ. എ. കെ. ശങ്കുണ്ണി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഈ സംസ്ഥാനത്ത് കുടിൽവ്യവസായം ഗവണ്മെന്റു നേരിട്ട് നടത്താൻ ആലോചനയുണ്ടോ;

(ബി) കുടിൽവ്യവസായത്തെ പ്രോത്സാഹിപ്പിക്കുന്നതിന് സെൻട്രൽ ഗവണ്മെന്റിൽനിന്നും ധനസഹായം നൽകുമോ; ഉവ്വെങ്കിൽ എന്തു വ്യവസ്ഥയിൽ;

(സി) കുടിൽവ്യവസായം നടത്തുന്ന സഹകാരിവ്യക്തികൾക്ക് ഗവണ്മെന്റിൽനിന്നും ധനസഹായം നൽകുമോ; ഉവ്വെങ്കിൽ എന്തു വ്യവസ്ഥയിൽ?

വ്യവസായവും എക്സൈസും പ്രാദേശികസ്വയംഭരണവും വകുപ്പു മന്ത്രി (ശ്രീ. എൻ. കണ്ണമ്പരാമൻ):

(എ) ഇല്ല.

(ബി) ചില പ്രത്യേക പ്രവർത്തനങ്ങൾക്ക് സഹായം നൽകുവാൻ സെൻട്രൽഗവണ്മെന്റിലേക്ക് അപേക്ഷിച്ചിട്ടുണ്ട്. ഇതുവരെ തീരുമാനമൊന്നുമുണ്ടായിട്ടില്ല.

(സി) നൽകിവരുന്നുണ്ട്. സ്റ്റെയിറ്റ് എയിഡഡ് ഇൻഡസ്ട്രിസ് നിയമങ്ങളും, ഗ്രാമോദ്ധാരണപദ്ധതികളും, എന്നിവയനുസരിച്ച്.

കയറുസാമാനങ്ങൾക്ക് അന്യരാജ്യങ്ങളിലെ വിപണി

*1190. (61) ശ്രീ. എ. കെ. ശങ്കുണ്ണി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഇന്നാട്ടിൽ ഉണ്ടാകുന്ന കയറ്, കയറുപായ്, ചവിട്ടി മുതലായവ വിറ്റഴിക്കുന്നതിന് അന്യരാജ്യങ്ങളിൽ വിപണി കണ്ടുപിടിക്കാൻ ഗവണ്മെന്റ് എന്തെങ്കിലും ചെയ്തിട്ടുണ്ടോ;

(ബി) പാശ്ചാത്യരാജ്യങ്ങളിൽ ഇവ വിറ്റഴിക്കുവാൻ ധാരാളം സാധ്യതകളുണ്ടെന്ന് ഗവണ്മെന്റിനറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly